**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2054** **12-09-2023 - ൽ മറുപടിയ്ക്ക്**

**ശുദ്ധമായ പാലിന്റെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിച്ച് കേരളത്തിൽ വിൽക്കുന്ന പാക്കറ്റ് ചെയ്ത പാലിന്റെയും പാൽ ഉല്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ഇതര സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിച്ച് കേരളത്തിൽ വിൽക്കുന്ന പാക്കറ്റ് ചെയ്ത പാലിന്റെ രാസ/അണു ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകളിലും, 3 റീജിയണൽ ലാബുകളിലും, തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലും ഉണ്ട്. ചില പാൽ ഉല്പന്നങ്ങൾ മാത്രം പരിശോധിക്കുന്നതിനുള്ള സംവിധാനം കോട്ടയം, ആലത്തൂർ, കാസർഗോഡ് എന്നീ റീജിയണൽ ഡയറി ലാബുകളിലും ഉണ്ട്. പാൽ ഉല്പന്നങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനം സ്റ്റേറ്റ് ഡയറി ലാബിൽ ഉണ്ട്.<br><br>ഇതര സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി കേരളത്തിലേയ്ക്ക് കടന്ന് വരുന്ന പാൽ, പാലുൽപ്പന്നങ്ങൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പ് അപ്രതീക്ഷിത പരിശോധനകൾ നടത്തുകയും, ഉത്സവ/ആഘോഷ അവസരങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികളുടെ സഹായത്തോടെ (FSW - Food Safety on Wheels) പ്രത്യേക പരിശോധനകളും നടത്തി വരുന്നു.<br><br>ഉത്സവ കാലങ്ങളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെയും ക്ഷീരവികസന വകുപ്പിന്റേയും സംയുക്ത പരിശോധനകളും നടത്തി വരുന്നു. ഇത്തരത്തിൽ നടത്തുന്ന പ്രാഥമിക പരിശോധനകളിൽ പ്രശ്നങ്ങൾ കണ്ടെത്തുന്ന പക്ഷം പ്രസ്തുത പാലിന്റെ/ പാലുൽപ്പന്നങ്ങളുടെ കൂടുതൽ സാമ്പിളുകൾ ശേഖരിച്ച് Food Safety & Standards (Regulations) 2011 ൽ നിഷ്കർഷിച്ചിരിക്കുന്ന മനുഷ്യശരീരത്തെ ദോഷകരമായി ബാധിക്കുന്ന ഘടകങ്ങളുടെ |

| | | | |
|---|---|---|---|
| | | | പരിശോധനയും, ഗുണമേന്മ പരിശോധനയും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളിൽ നടന്ന് വരുന്നു. ഈ പരിശോധനകൾക്ക് FSSAI യുടെ അംഗീകൃത “Method of Analysis” ലഭ്യമാണ്. |
| (ബി) | സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നു. ക്ഷീരകർഷകർക്ക് കന്നുകാലികളെ വാങ്ങൽ, കാലിത്തൊഴുത്ത് നിർമ്മാണം/അറ്റകുറ്റപ്പണികൾ, കാലിത്തൊഴുത്ത് ആധുനികവത്കരണം/ഭൗതിക സാഹചര്യമൊരുക്കൽ, സബ്സിഡി നിരക്കിൽ കാലിത്തീറ്റ/പോഷകാഹാര മിശ്രിതങ്ങൾ, പുൽകൃഷി തോട്ടം നടപ്പിലാക്കൽ മുതലായവയെല്ലാം വകുപ്പിന്റെ ധനസഹായത്തോടെ നൽകുന്നു. ഇവ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും സംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് 3/- രൂപ നിരക്കിൽ സാമ്പത്തിക വർഷം മുഴുവനും ഇൻസെന്റീവ് നൽകുന്നു. പുതിയ ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ, ബാങ്ക് വായ്പ ലിങ്ക് ചെയ്തുള്ള പദ്ധതികൾ, ഓരോ പ്രദേശത്തിന് അനുയോജ്യമായ പദ്ധതികൾ, കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസൃതമായ പദ്ധതികൾ, അടിയന്തിര സാഹചര്യങ്ങൾ നേരിടാനുള്ള പദ്ധതികൾ എന്നിങ്ങനെ വൈവിദ്ധ്യമാർന്ന പദ്ധതികൾ ഉൾപ്പെടുത്തി സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് ശ്രമിക്കുന്നു. |
| (സി) | സംസ്ഥാനത്ത് പാലുല്പാദക സഹകരണ സംഘങ്ങൾ വഴി ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന പാലിന്റെ അളവിൽ വർദ്ധനവുണ്ടായതായി നിരീക്ഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് പാൽ ഉല്പാദക സഹകരണ സംഘങ്ങൾ വഴി ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന പാലിന്റെ അളവ് 2002-03 ൽ 3.41 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2022-23 ൽ 7.39 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ